2025
NOVEMBER
08
SATURDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




## ഇന്ത്യ–ന്യൂസിലാൻഡ്

# ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തും

**ന്യൂഡൽഹി:** ഇന്ത്യയും ന്യൂസിലാൻഡും തമ്മിൽ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താൻ തീരുമാനം.ന്യൂസിലാൻഡിലെ ഔദ്യോഗിക സന്ദർശനത്തിൽ കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയൽ റോട്ടോറുവയിൽ ന്യൂസിലാഡ് ഭരണാധികാരികളുമായി നടത്തിയ ഉന്നതതല ചർച്ചകളിലാണ് ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ധാരണയിലായത്. ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള വ്യാപാരം, നിക്ഷേപം, സമ്പർക്കം (കണക്റ്റിവിറ്റി), സാംസ്കാരിക വിനിമയം എന്നീ മേഖലകളിലെ ഉഭയകക്ഷി സഹകരണം കൂടുതൽ ശാക്തീകരിക്കും.

എയർ ന്യൂസിലാൻഡ് സിഇഒ നിഖിൽ രവിശങ്കറുമായി മന്ത്രിനടത്തിയ കൂടിക്കാഴ്ചയിൽ പ്രാദേശിക, ആഗോള കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിൽ വിമാനക്കമ്പനികളുടെ പങ്കിനെക്കുറിച്ചായിരുന്നു ചർച്ചകൾ. ഇന്ത്യയുടെ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന വ്യോമയാന മേഖലയെ എടുത്തുകാട്ടിയ മന്ത്രി പിയൂഷ് ഗോയൽ, വ്യോമ സേവനങ്ങളിലും വിനോദസഞ്ചാരത്തിലും ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി. റോട്ടോറുവയിൽ എത്തിയ മന്ത്രി പിയൂഷ് ഗോയലിനെ റോട്ടോറുവ മേയർ ടാനിയ ടാപ്സെൽ സ്വീകരിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള കൂടുതൽ ഉഭയകക്ഷി ഇടപെടലുകൾ വ്യാപാര, വിനോദസഞ്ചാര ബന്ധങ്ങൾ വർദ്ധിപ്പിക്കാൻ സഹായിക്കുമെന്ന് ചർച്ചയിൽ മന്ത്രി വ്യക്തമാക്കി.

ഇരു രാജ്യങ്ങളിലെയും പ്രമുഖ ബിസിനസ്സ് പ്രതിനിധികൾ പങ്കെടുത്ത ഇന്ത്യ-ന്യൂസിലാന്റ് സിഇഒമാരുടെ വട്ടമേശ സമ്മേളനത്തിൽ കേന്ദ്രമന്ത്രി പീയുഷ് ഗോയലും മന്ത്രി ടോഡ് മക്ലേയും പങ്കെടുത്തു. ഇന്ത്യയുടെ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക ഭൂപ്രകൃതി സംബന്ധിച്ചും സാങ്കേതികവിദ്യ, കൃഷി, വിദ്യാഭ്യാസം, ശുദ്ധമായ ഊർജ്ജം, വിനോദസഞ്ചാരം, സുസ്ഥിരത എന്നീ മേഖലകളിലെ പരസ്പര സഹകരണത്തിനുള്ള വിശാലമായ സാധ്യതകൾ ഉയർത്തിക്കാട്ടുകയും ചെയ്തു. ഇന്ത്യൻ വംശജരായ ബിസിനസ്സ് നേതാക്കളുടെ ശക്തമായ പങ്കാളിത്ത ചൂണ്ടിക്കാട്ടിയ മന്ത്രി പരസ്പര വളർച്ചയ്ക്കായി ഇന്ത്യയുമായി കൂടുതൽ സഹകരിക്കാൻ ന്യൂസിലൻഡ് വ്യവസായമേഖലയോട് അഭ്യർഥിക്കുകയും ചെയ്തു.


## മുൻഗണനാ റേഷൻകാർഡുകളുടെ എണ്ണം 6.5 ലക്ഷം കടന്നു

**തിരുവനന്തപുരം:** സംസ്ഥാനത്ത് മുൻഗണനാ റേഷൻ കാർഡുകളുടെ എണ്ണം 6.5 ലക്ഷം കടന്നു. 28,300 മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണോദ്ഘാടനം ഈ മാസം ഭക്ഷ്യമന്ത്രി ജി. ആർ. അനിൽ നിർവഹിച്ചു. കാർഡ് തരം മാറ്റുന്നതിന് നവംബർ 17 മുതൽ ഓൺലൈനായി വീണ്ടും അപേക്ഷിക്കാൻ അവസരം ഒരുക്കിയിട്ടുണ്ട്.

അർഹതപ്പെട്ടവർക്ക് മുൻഗണന നൽകി റേഷൻ കാർഡ് വിതരണം ഊർജിതമാക്കിയതിലൂടെ ലക്ഷക്കണക്കിന് കുടുംബങ്ങൾക്കാണ് വലിയ ആശ്വാസമായിരിക്കുന്നത്. അതിദരിദ്രരില്ലാത്ത കേരളം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിലും മുൻഗണനാ റേഷൻ കാർഡ് വിതരണം നിർണായക പങ്ക് വഹിച്ചതായി മന്ത്രി ജി. ആർ. അനിൽ പറഞ്ഞു.

വൃക്ക, കരൾ, ഹൃദ്രോഗമുള്ളവർ, കാൻസർ ബാധിതർ എന്നിവർക്ക് അപേക്ഷ ലഭിച്ച് 24 മണിക്കൂറിനകം പരിശോധന പൂർത്തിയാക്കി കാർഡ് നൽകുന്നുണ്ട്.

# മുഖ്യമന്ത്രി കുവൈറ്റ് ഉപപ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി



**കുവൈറ്റ്:** രണ്ട് ദിവസത്തെ സന്ദർശനത്തിന് കുവൈറ്റിലെത്തിയ മുഖ്യമന്ത്രി പിണറായി വിജയന് കുവൈത്തിൽ ഊഷ്മള സ്വീകരണം. കുവൈത്ത് ഉപപ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയുമായ ശൈഖ് ഫഹാദ് യൂസഫ് സൗദ് അൽസബാഹ് മുഖ്യമന്ത്രിയെ അൽ ബയാൻ പാലസിൽ സ്വീകരിച്ചു. കുവൈത്ത് ധനകാര്യ മന്ത്രിയും കുവൈത്ത് ഇൻവെസ്റ്റ്മെന്റ് അതോറിട്ടി ചെയർമാനുമായ ഡോ: സബീഹ് അൽ മുഖൈസിമും സന്നിഹിതനായിരുന്നു. ഇന്ത്യയും കുവൈത്തും തമ്മിലുള്ള ചരിത്രപരമായ ബന്ധത്തെ കുറിച്ച് കൂടിക്കാഴ്ചയിൽ പരാമർശിച്ചു. കുവൈത്തിന്റെ പുനർനിർമ്മാണത്തിൽ മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യൻ സമൂഹം നൽകിവരുന്ന സേവനങ്ങളെ ശൈഖ് ഫഹാദ് ശ്ലാഘിച്ചു.

കേരളീയ സമൂഹത്തിന് കുവൈത്ത് ഭരണകൂടം നൽകിവരുന്ന സഹകരണത്തിനും പിന്തുണക്കും ശൈഖ് ഫഹാദിനോട് മുഖ്യമന്ത്രി നന്ദി പറഞ്ഞു. കേരളത്തിലെ വിവിധ മേഖലകളിലെ നിക്ഷേപ സാഹചര്യങ്ങളെ കുറിച്ച് മുഖ്യമന്ത്രി യോഗത്തിൽ വിശദീകരിച്ചു. ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി എന്നിവരും കൂടിക്കാഴ്ചകളിൽ സംബന്ധിച്ചു. കുവൈത്ത് ഇൻവെസ്റ്റ്മെന്റ് അതോറിട്ടി ഡയറക്ടർ ബോർഡ് അംഗം ശൈഖ് മിഷാൽ ജാബർ അൽ അഹ്മദ് അൽ സബാഹുമായും മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തി. കേരളത്തിലെ നിക്ഷേപ സാധ്യതകളെ കുറിച്ചുള്ള ചർച്ചകൾക്കായി കുവൈത്തിൽ നിന്നുള്ള ഒരു പ്രതിനിധി സംഘം കേരളം സന്ദർശിക്കുമെന്ന് ശൈഖ് മിഷാൽ മുഖ്യമന്ത്രിയെ അറിയിച്ചു. നേരത്തെ കുവൈത്ത് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇന്ത്യൻ എംബസി പ്രതിനിധികളും ലോക കേരള സഭ അംഗങ്ങളും, മലയാളം മിഷൻ, കല കുവൈറ്റ് ഭാരവാഹികളും ചേർന്ന് മുഖ്യമന്ത്രിയെ സ്വീകരിച്ചു.

# പുതിയ സാങ്കേതികവിദ്യകൾക്കായി വിദ്യാർത്ഥികളെ സജ്ജമാക്കണം: ഉപരാഷ്ട്രപതി

**ന്യൂഡൽഹി:** ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾക്കായി സർവകലാശാലകൾ വിദ്യാർത്ഥികളെ സജ്ജമാക്കണമെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. പോണ്ടിച്ചേരി സർവകലാശാലയുടെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി പോണ്ടിച്ചേരി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. പി. പ്രകാശ് ബാബു പാർലമെന്റ് മന്ദിരത്തിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് ഉപരാഷ്ട്ര പതി ഇക്കാര്യം വ്യക്തമാക്കിയത്. സ്വച്ഛ് ഭാരത് ദൗത്യത്തിന് കീഴിൽ ശുചിത്വമുള്ളതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ കാമ്പസിനായി ശ്രദ്ധ കേന്ദ്രീകരിക്കണം. മയക്കുമരുന്ന് ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവബോധം വളർത്തേണ്ടതിന്റെയും പെൺകുട്ടികൾക്ക് സുരക്ഷിതമായ അന്തരീക്ഷം ഉറപ്പാക്കേണ്ടതിന്റെയും ആവശ്യകത ഉപരാഷ്ട്രപതി പരാമർശിച്ചുസർവകലാശാലയുടെ അക്കാദമിക കോഴ്സുകൾ, പ്രവർത്തന രീതി, അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാർത്ഥി ക്ഷേമ നടപടികൾ, ഗവേഷണ നൂതനാശയ ആവാസവ്യവസ്ഥയുടെ പ്രോത്സാഹനം, പൂർവ്വ വിദ്യാർത്ഥികളുടെ ഇടപെടൽ, ക്യാമ്പസ് പ്ലേസ്മെന്റുകൾ, കാമ്പസിലെ സൗരോർജ്ജ ഉൽപാദനം എന്നിവയെക്കുറിച്ചുള്ള ഒരു വിശദമായ അവതരണവും കൂടിക്കാഴ്ചയിൽ നടന്നു.




വിദ്യാർത്ഥികളുടെ സൗകര്യം ഉറപ്പാക്കുക, വ്യവസായ മേഖലയുടെ ആവശ്യങ്ങൾക്കനുസൃതമായി നൂതന സാങ്കേതികവിദ്യകളിലെ കോഴ്സുകൾ അവതരിപ്പിക്കുക, സ്വച്ഛ് ഭാരത് സംരംഭങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് കാമ്പസിൽ ശുചിത്വം നിലനിർത്തുക, എസ്സി/എസ്ടി വിദ്യാർത്ഥികൾക്കുള്ള സംവരണ സീറ്റുകൾ പൂർണമായും നികത്തുന്നുവെന്ന് ഉറപ്പാക്കുക, പ്രാദേശിക സമൂഹങ്ങൾക്ക് മതിയായ പ്രാതിനിധ്യം നൽകുക, പെൺകുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുക എന്നിവയുടെ ആവശ്യകത ഉപരാഷ്ട്രപതി പ്രത്യേകം എടുത്തു പറഞ്ഞു.പരാതി പരിഹാര സംവിധാനങ്ങൾ ഫലപ്രദമായ സ്ഥാപിക്കുക, മയക്കുമരുന്ന് ഉപയോഗത്തി



ന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവബോധം വളർത്തുക, വിദ്യാർത്ഥികൾക്കായി കൗൺസിലിംഗും പ്രചോദനപരമായ ക്ലാസുകളും സംഘടിപ്പിക്കണമെന്നും ഉപരാഷ്ട്രപതി കൂടിക്കാഴ്ചയിൽ വൈസ് ചാൻസിലറിനോട് ആവശ്യപ്പെട്ടു. സർവകലാശാലയുടെ റാങ്കിംഗ് നിലവാരം മെച്ചപ്പെടുത്തുന്നതിന്റെയും, വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെയും, അഫിലിയേറ്റഡ് കോളേജുകളുടെ മേൽ നിരന്തര നിരീക്ഷണം ഉറപ്പാക്കുന്നതിന്റെയും, സമൂഹത്തെ ഗുണപരമായി സ്വാധീനിക്കുന്ന ഗവേഷണവും നൂതനാശയവും പ്രോത്സാഹിപ്പിക്കുന്നതിന്റെയും പ്രാധാന്യം ഉപരാഷ്ട്രപതി ചൂണ്ടിക്കാട്ടി.

1985ൽ പാർലമെന്റ് നിയമപ്രകാരം സ്ഥാപിതമായ പോണ്ടിച്ചേരി സർവകലാശാല, പുതുച്ചേരിയിലെ കാലാപേട്ടിൽ സ്ഥിതി ചെയ്യുന്ന കേന്ദ്ര സർവകലാശാലയാണ്. വിവിധ വിഷയങ്ങളിൽ 100 ലധികം ബിരുദ, ബിരുദാനന്തര, ഡോക്ടറൽ പ്രോഗ്രാമുകളിലായി 10,000 ത്തിലധികം വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന ഈ സർവകലാശാല, ഉന്നത വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും മേഖലയിലെ ഒരു സുപ്രധാന ഹബ് ആയി പ്രവർത്തിക്കുന്നു.

# കേരള ഫിലാറ്റലിക് എക്സിബിഷൻ: ലോഗോ പ്രകാശനം ചെയ്തു



**കൊച്ചി:** തപാൽ സ്റ്റാമ്പുകളെപ്പറ്റി ആഴത്തിൽ പഠിക്കുകയും അവ ശേഖരിക്കുകയും ചെയ്യുന്ന കേരളത്തിലെ ഫിലാറ്റലി സമൂഹം കേരള പോസ്റ്റൽ സർക്കിളിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 15മത് സംസ്ഥാന തല ഫിലാറ്റലിക് എക്സിബിഷൻ (കേര പെക്സ് 2026) 2026 ജനുവരി 20 മുതൽ 23 വരെ എറണാകുളം ടൗൺ ഹാളിൽ നടക്കും. പ്രദർശനത്തിന്റെ വരവറിയിച്ചുകൊണ്ടുള്ള കേര പെക്സ് 2026 ലോഗോ പ്രകാശനം എറണാകുളം ഹെഡ് പോസ്റ്റ് ഓഫീസ് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ഇന്ത്യപോസ്റ്റ് ഡയറക്ടർ ജനറൽ ജിതേന്ദ്ര ഗുപ്ത നിർവ്വഹിച്ചു.

കേരളത്തിലങ്ങോളമിങ്ങോളമുള്ള ഫിലാറ്റലി പ്രേമികളുടെ കൈവശമുള്ള അപൂർവമായ സ്റ്റാമ്പുകളുടെ ശേഖരങ്ങൾ, സ്റ്റാമ്പ് ശേഖരണം എന്ന വിനോദത്തിന്റെ ചരിത്രം എന്നതിനെയെല്ലാം വിശദമാക്കുന്നതാണ് പ്രദർശനം. കേര പെക്സ് പ്രദർശനം തപാൽ സ്റ്റാമ്പ് ശേഖരിക്കുന്നവർ, ചരിത്ര കുതുകികൾ ,വിദ്യാർഥികൾ എന്നിവർക്കൊപ്പം വിദ്യാഭ്യാസപരമായും സാംസ്കാരികവുമായും പ്രാധാന്യമുള്ള ഫിലാറ്റലി വിനോദത്തെ സ്നേഹിക്കുന്ന എല്ലാ ജനങ്ങൾക്കുമുള്ള ഒരു പ്രധാന വേദിയാണ്. ലോകചരിത്രം, സംസ്കാരം, കല എന്നിവയിലേക്ക് വെളിച്ചം വീശുന്ന അപൂർവമായ ഫിലാറ്റലി സ്റ്റാമ്പുകൾ, തീമാറ്റിക് സ്റ്റാമ്പ് ശേഖരങ്ങൾ എന്നിവ മത്സരാധിഷ്ഠിതവും അല്ലാത്തതുമായ വിഭാഗങ്ങളിൽ പ്രദർശനത്തിനെത്തും.

# കൊച്ചി നഗരസഭയിൽ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കൊച്ചി നഗരസഭയും , കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡും സംയുക്തമായി നടപ്പിലാക്കിയ നാല് പദ്ധതികളുടെ ഉദ്ഘാടനം നടന്നു. മട്ടാഞ്ചേരിയിലുള്ള വിമൻ ആൻഡ് ചൈൽഡ് ആശുപത്രി, ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി തുടങ്ങിയ ആരോഗ്യ സ്ഥാപനങ്ങളിൽ, ആധുനിക സൗകര്യങ്ങളുള്ള പുതിയ ബ്ലോക്കുകൾ, കൽവത്തിയിൽ പുതിയ കമ്മ്യൂണിറ്റി ഹാൾ , ഡയമണ്ട് പാർക്കിന്റെ നവീകരണം എന്നിവയാണ് നിർവ്വഹണം പൂർത്തിയായി ഉദ്ഘാടനം ചെയ്യപ്പെട്ട പദ്ധതികൾ.

ഫോർട്ടു കൊച്ചി താലൂക്ക് ആശുപത്രിയിൽ , ജെറിയാട്രിക് സെന്റർ , പീഡിയാട്രിക് വാർഡ് , കാഷ്വാലിറ്റി , ഡയാലിസിസ് സെന്റർ, ജെറിയാട്രിക് സെന്ററിനോട് ചേർന്ന് പുതിയ ഒ പി ബ്ലോക്ക് , പേവാർഡുകൾ , ഫിസിയോതെറാപ്പി സെന്റർ തുടങ്ങി വളരെ സൗകര്യപ്രദവും, ആധുനികവുമായ സൗകര്യങ്ങൾ നഗരസഭയുടെ വികസന ഫണ്ടിൽ നിന്ന് ഒരു കോടി എൺപത് ലക്ഷം രൂപയും, ബിപിസിഎല്ലിന്റെ സിഎസ്ആർഫണ്ടിൽ നിന്ന് 40 ലക്ഷം രൂപയും വിനിയോഗിച്ചാണ് പദ്ധതി നിർവ്വഹിച്ചത്. ഹെൽത്ത് ഗ്രാന്റിൽ നിന്ന് അൻപത് ലക്ഷം രൂപ ചെലവഴിച്ചാണ് ജെറിയാട്രിക് വാർഡ് നവീകരിച്ചത്. ഫിസിയോ തെറാപ്പി സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന മെഷിനറികൾ , കേരളത്തിൽ തന്നെ ആദ്യമായി ഉപയോഗിക്കുന്ന അത്യാധുനിക സംവിധാനങ്ങൾ ഉള്ളവയാണ്.

കൊച്ചി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ഒരു കോടി പത്തു ലക്ഷം രൂപയും ഹൈബി ഈഡൻ എം. പി യുടെ ഫണ്ടിൽ നിന്നും ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപയും ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളും പൂർത്തീകരണഘട്ടത്തിലാണ്. സാധാരണക്കാരായ ജനങ്ങൾക്ക് വളരെ കുറഞ്ഞ ചെലവിൽ സിടി, എം സ്കാനുകൾ എടുക്കുന്നതിന് ഈ പദ്ധതി ഉപകരിക്കും. സി. എസ്. എം. എൽ. ഫണ്ട് ഉപയോഗിച്ച്, ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിൽ പണിതീർത്ത മൂന്ന് നിലകളുള്ള പുതിയ കെട്ടിടത്തിന്, 15737 ചതുരശ്രയടി വിസ്തീർണ്ണമുണ്ട്. 7.4 കോടി രൂപ ചെലവിലാണ് നിർമ്മാണം നിർവ്വഹിച്ചത് .പുതിയ ഒ പി കൗണ്ടറുകൾ , ഓരോ ഡോക്ടേഴ്സിന് പ്രത്യേകം റൂമുകൾ , നഴ്സിങ് സ്റ്റേഷൻ , ലാബുകൾ , ഫാർമസി , ലിഫ്റ്റ്, ഫയർ സിസ്റ്റം എന്നിവയടക്കം ആധുനിക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

14995 ചതുരശ്രയടി വിസ്തീർണ്ണമുള്ള , മൂന്ന് നിലകളുള്ള കെട്ടിടമാണ് മട്ടാഞ്ചേരി വിമൻ ആൻഡ് ചൈൽഡ് ആശുപത്രിക്ക് വേണ്ടി നിർമ്മിച്ചത്. 7.4 കോടി രൂപയാണ് പദ്ധതിച്ചെലവ് .പുതിയ ഒ പി കൗണ്ടറുകൾ , ഡോക്ടേഴ്സ് റൂം , നഴ്സിങ് സ്റ്റേഷൻ , ലാബുകൾ , ഫാർമസി , ലിഫ്റ്റ്, ഫയർ സിസ്റ്റം എന്നിവയടക്കം ആധുനിക സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള പുതിയ കെട്ടിടം സാധാരണക്കാരായ ജനങ്ങൾക്ക് മിതമായ നിരക്കിൽ മികച്ച ചികിത്സാ സൗകര്യം നൽകുന്നതിന് പര്യാപ്തമാണ്. മട്ടാഞ്ചേരിയിലുള്ള ഡയമണ്ട് പാർക്ക് വളരെ മനോഹരമായി നവീകരിച്ചിട്ടുണ്ട് . 2.8 കോടി രൂപ ചെലവിലാണ് പദ്ധതി നിർവ്വഹണം നടത്തിയത്. ആറ് കോടി രൂപ ചെലവഴിച്ചാണ് കൽവത്തി കമ്മ്യൂണിറ്റി ഹാൾ, മുഴുവനായും പുതുക്കിപ്പണിതതെന്നും കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ പറഞ്ഞു.

# മേമുണ്ട ഹയർസെക്കൻഡറിയിൽ അക്വാടിക് സെന്റർ ; 99.5 ലക്ഷം രൂപ അനുവദിച്ചു

**കോഴിക്കോട്:** ജില്ലയിലെ മേമുണ്ട ഹയർ സെക്കൻഡറി സ്കൂളിൽ ജല കായിക പരിശീലന കേന്ദ്രം(അക്വാട്ടിക് സെന്റർ) സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് ഭരണാനുമതി നൽകി. 99,50,000 രൂപയുടെ പദ്ധതി ശുപാർശയ്ക്കാണ് സർക്കാർ അനുമതി നൽകിയത്.

ആഭ്യന്തര ജല കായിക വിനോദ സഞ്ചാരം വികസിപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതിക്ക് ടൂറിസം വകുപ്പ് ശുപാർശ നൽകിയത്. നിലവിലുള്ള കുളവും അനുബന്ധ സൗകര്യങ്ങളും നവീകരിച്ചുള്ള സമഗ്രമായ വികസനമാണ് വിഭാവനം ചെയ്യുന്നത്.

വിദ്യാഭ്യാസത്തെ കായികക്ഷമതയുമായി സമന്വയിപ്പിച്ച് വിദ്യാർത്ഥികളുടെയും ശാരീരികവും മാനസികവും കായികവുമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന സുസ്ഥിര സംവിധാനമായിരിക്കുമിതെന്ന് ടൂറിസംപൊതുമരാമത്ത് മന്ത്രി പി. എ മുഹമ്മദ് റിയാസ് പറഞ്ഞു.

# ‘സ്റ്റെല്ല മാരിസ്’ മഹാ ജൂബിലി സ്മാരകം ഉത്ഘാടനം ചെയ്തു



**കൊച്ചി:** പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുച്ചിത്ര സ്ഥാപനത്തിന്റെ അഞ്ഞൂറാം വാർഷിക സ്മാരകമായി വല്ലാർപാടം ബസിലിക്കയോടനുബന്ധിച്ച് തീർത്ഥാടകർക്കായി നിർമ്മിച്ച ‘സ്റ്റെല്ലാ മാരിസ്‘ റെസിഡൻഷ്യൽ ബ്ലോക്കിന്റെ ഉത്ഘാടനം വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിലും സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കലും സംയുക്തമായി നിർവ്വഹിച്ചു. ചടങ്ങിൽ ബസിലിക്ക റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്ത് അധ്യക്ഷനായിരുന്നു. വികാരി ജനറാൾമാരായ മോൺസിഞ്ഞോർ മാത്യു കല്ലിങ്കൽ, മാത്യു ഇലഞ്ഞിമറ്റം, അതിരൂപത ചാൻസലർ ഫാ.എബിജിൻ അറക്കൽ, സി ടി സി മദർ സുപ്പീരിയർ സിസ്റ്റർ ഷഹീല, സഹവികാരിമാരായ ഫാ.ആന്റണി ഷൈൻ കാട്ടുപറമ്പിൽ, ഫാ. ജീബു വർഗ്ഗീസ് തൈത്തറ, ഫാ. മിക്സൺ റാഫേൽ പുത്തൻ പറമ്പിൽ, എറണാകുളം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എൽസി ജോർജ്, മുളവുകാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് അക്ബർ, വൈസ് പ്രസിഡന്റ് റോസ് മാർട്ടിൻ, മറ്റ് ജനപ്രതിനിധികൾ, പാരിഷ് പാസ്ട്രൽ കൗൺസിൽ, ബിസിസി കേന്ദ്ര നിർവ്വാഹക സമിതി അംഗങ്ങൾ, വിവിധ രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു. മൂന്ന് നിലകളിലായി ഇരുപത്തിയൊന്ന് മുറികളും, രണ്ട് ഡോർമെട്രികളും, താമസിക്കുന്നവർക്കായുള്ള പാർക്കിംഗ് സൗകര്യവുമാണ് കെട്ടിട സമുച്ചയത്തിൽ ഒരുക്കിയിരിക്കുന്നത്.

## വിദ്യാഭ്യാസ ധനസഹായം: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളികളുടെ മക്കളിൽ 2024-25 ലെ പ്ലസ് ടു ഹയർ സെക്കൻഡറി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥിനികൾക്കുള്ള ഉപരിപഠന സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷയ്ക്കൊപ്പം അപേക്ഷകന്റെ ക്ഷേമനിധി പാസ് ബുക്കിന്റെ കോപ്പിയും വിദ്യാർത്ഥിനിയുടെ പ്ലസ് ടു മാർക്ക് ലിസ്റ്റ് സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, വിദ്യാർത്ഥിനിയുടെ ആധാർ പകർപ്പും, അപേക്ഷകന്റെ ബാങ്ക് പാസ് ബുക്കിന്റെ കോപ്പിയും (ബാങ്ക് അക്കൗണ്ട് ലിങ്ക് ചെയ്തതായിരിക്കണം) ആധാർ റേഷൻകാർഡിന്റെ പകർപ്പ് എന്നിവയും ഹാജരാക്കണം. അപേക്ഷ സൗജന്യമായി ബോർഡിന്റെ എല്ലാ ഓഫീസുകളിൽ നിന്നും. https://www.coirworkers welfare fund kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും സെപ്റ്റംബർ 20 മുതൽ ലഭിക്കും. അപേക്ഷാഫോം കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എല്ലാ ഓഫീസുകളിലും നവംബർ 30 വരെ സ്വീകരിക്കും.

## അധ്യാപക ഒഴിവ്

**കൊച്ചി:** എസ്. ആർ. വി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ മലയാളം വിഭാഗത്തിൽ (സീനിയർ) അധ്യാപക ഒഴിവ്. കൂടിക്കാഴ്ച നവംബർ 10 രാവിലെ10ന് നടക്കും.ഫോൺ: 9446340663.

## ഇൻസ്ട്രക്ടർ ഒഴിവ്

**കൊച്ചി:** കളമശേരി ഗവ.ഐ.ടി.ഐ. കാമ്പസിൽ പ്രവർത്തിച്ചുവരുന്ന വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഗവ.അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം (ഗവ.എ.വി.ടി.എസ്) സ്ഥാപനത്തിൽ അഡ്വാൻസ്ഡ് വെൽഡിംഗ് ട്രേഡിൽ ഓപ്പൺ കാറ്റഗറിയിൽ ഇൻസ്ട്രക്ടറുടെ താൽക്കാലിക ഒഴിവുണ്ട്. വെൽഡർ ട്രേഡിൽ എൻസിവിടി/എൻഎസി സർട്ടിഫിക്കറ്റും ഏഴ് വർഷം പ്രവർത്തന പരിചയവും അല്ലെങ്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയും പ്രസ്തുത മേഖലയിൽ അഞ്ച് വർഷം പ്രവർത്തന പരിചയവും അല്ലെങ്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡിഗ്രിയും പ്രസ്തുത മേഖലയിൽ രണ്ട് വർഷം പ്രവർത്തന പരിചയവും ആണ് യോഗ്യത. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ നവംബർ 11ന് രാവിലെ 11 ന് എ.വി.ടി.എസ്. പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകണം. ഫോൺ : 8089789828, 0484 -2557275.

## ഇരുമ്പ് സ്ക്രാപ്പ് ലേലം

**കൊച്ചി:** തേവര സംസ്ഥാന ചരക്ക് സേവന നികുതി കാര്യാലയത്തിൽ 23,390 കിലോഗ്രാം തൂക്കമുള്ള ഇരുമ്പ് സ്ക്രാപ്പ് നവംബർ 13ന് രാവിലെ 11.30 ന് ലേലം നടത്തും.
ഫോൺ 8921446043, 9447890516

# സംസ്ഥാന വനിതാ വികസന കോർപറേഷന് 300 കോടിയുടെ അധിക സർക്കാർ ഗ്യാരന്റി

**തിരുവനന്തപുരം:** സംസ്ഥാന വനിതാ വികസന കോർപ്പറേഷന് ദേശീയ ധനകാര്യ കോർപറേഷനുകളിൽ നിന്നും വായ്പ്പയെടുക്കുന്നതിനായി 300 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരണ്ടി അനുവദിച്ചതായി ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. കഴിഞ്ഞ ദിവസം ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് ഇതു സംബന്ധിച്ച തീരുമാനമുണ്ടായത്. വനിതാ വികസന കോർപറേഷന് 2016 വരെ 140 കോടി രൂപയുടെ ഗ്യാരന്റി മാത്രമാണ് ഉണ്ടായിരുന്നത്. 2016ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ വർഷങ്ങളിൽ 1155.56 കോടി രൂപയുടെ അധിക ഗ്യാരന്റി അനുവദിച്ചിരുന്നു. ഇതിന് പുറമേയാണ് ഇപ്പോൾ 300 കോടി കൂടി അനുവദിച്ചിട്ടുള്ളത്.

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷൻ (200 കോടി), ദേശിയ സഫായി കരം ചാരിസ് ധനകാര്യ കോർപറേഷൻ (100 കോടി) എന്നിവടങ്ങളിൽ നിന്നും വായ്പ്പ സ്വീകരിക്കുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്. സംസ്ഥാന വനിതാ വികസന കോർപേറഷൻ സംസ്ഥാന സർക്കാരിന്റെയും ദേശിയ ധനകാര്യ കോർപറേഷനുകളുടെയും സഹായത്തോടെ വിവിധ വിഭാഗങ്ങളിലുള്ള സ്ത്രീകൾക്ക് ലളിതമായ വ്യവസ്ഥകളിൽ കുറഞ്ഞ പലിശക്ക് സ്വയംസംരംഭക വായ്പ്പകൾ കാലങ്ങളായി നൽകി വരുന്നു. ഇത്തരത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമായ ഉയർന്ന സർക്കാർ ഗ്യാരന്റി (1595.56 കോടി രൂപ) കോർപറേഷന്റെ പ്രവർത്തന മേഖലയിൽ നിർണായക മുന്നേറ്റമുണ്ടാക്കും.

സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 202425 സാമ്പത്തിക വർഷത്തിൽ 31,795 വനിതകൾക്ക് 334 കോടി രൂപ കോർപറേഷൻ വിതരണം ചെയ്തിരുന്നു. കൂടാതെ സർക്കാരിൽ നിന്നും ലഭ്യമായ അധിക ഗ്യാരന്റി പ്രയോജനപ്പെടുത്തി ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് നാളിതുവരെ 1,27,000 ഓളം വരുന്ന തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വനിതാ വികസന കോർപറേഷന് സാധിച്ചു. കൂടാതെ ശുചീകരണ ജോലിയിൽ ഏർപ്പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 35,000 വനിതകൾക്ക് സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനും വനിതാ വികസന കോർപറേഷന് സാധിച്ചു.

സർക്കാരിന്റെ പദ്ധതി നടത്തിപ്പിലൂടെയും വായ്പ വിതരണത്തിലൂടെയും ഈ സർക്കാർ ഭരണത്തിൽ വന്ന ശേഷം 12 ലക്ഷത്തോളം വനിതകൾക്ക് വിവിധ രീതിയിലുള്ള സേവനമെത്തിക്കാൻ കോർപറേഷന് കഴിഞ്ഞിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിനും ഉന്നമനത്തിനും സർക്കാർ നൽകുന്ന പ്രാധാന്യത്തിന്റെ തെളിവാണ് ഇതെന്ന് മന്ത്രി വീണ ജോർജ് പറഞ്ഞു.

# നൂതന കോഴ്സുകൾ: ആഗോള സ്ഥാപനങ്ങളുമായി ധാരണാ പത്രം ഒപ്പിട്ടു

**തിരുവനന്തപുരം:** നൂതന കോഴ്സുകൾ നടത്തുന്നതിന് പ്രമുഖ സ്ഥാപനങ്ങളുമായി സഹകരണത്തിന് ധാരണ വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും നൈപുണ്യ വികസനത്തിനുമായി നൂതനമായ വിവിധ കോഴ്സുകൾ ആവിഷ്കരിച്ചു നടത്തുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സെന്റർ ഫോർ കണ്ടിന്യൂയിങ് എജ്യുക്കേഷൻ കേരള(CCEK)ലോകപ്രശസ്തമായ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിട്ടു. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദുവിന്റെ സാന്നിധ്യത്തിൽ സി.സി.ഇ.കെ ഡയറക്ടർ ഇഷിത റോയ് ആണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്. ജർമ്മനി ആസ്ഥാനമായുള്ള ടിയുവി റൈൻലാൻഡ്, ന്യൂഡൽഹി ആസ്ഥാനമായുള്ള എഡ്യൂനെറ്റ് ഫൗണ്ടേഷൻ, തിരുവനന്തപുരം ആസ്ഥാനമായുള്ള പാലിയം ഇന്ത്യ എന്നിവയുമായാണ് സഹകരണം.

റൈൻലാൻഡ് ഗ്രീൻ എനർജി, ഹൈഡ്രജൻ, സോളാർ എനർജി, വിന്റ് എനർജി എന്നീ മേഖലകളിൽ നൈപുണ്യ വികസനം നൽകും. എഡ്യൂനെറ്റ് ഫൗണ്ടേഷൻ കേരളത്തിലെ 10,000 വിദ്യാർത്ഥികൾക്കും 1,000 അധ്യാപകർക്കും ഐബിഎം സർട്ടിഫിക്കേഷനോട് കൂടിയുള്ള നിർമ്മിത ബുദ്ധി (Artificial Intelligence) സൗജന്യ പരിശീലനം നൽകും. ജെറിയാട്രിക് ആൻഡ് പാലിയേറ്റീവ് കെയർ സർട്ടിഫിക്കറ്റ് കോഴ്സിനായാണ് പാലിയം ഇന്ത്യയുമായി സഹകരിക്കുക. സംസ്ഥാനത്തെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന കണ്ടിന്യൂയിങ് എജ്യുക്കേഷൻ സബ് സെന്ററുകളിലൂടെയാണ് കോഴ്സുകൾ നടത്തുക. ടിയുവി റൈൻലാൻഡിനു വേണ്ടി അസിസ്റ്റന്റ് വൈസ് പ്രസിഡന്റ് അജയ് മേനോൻ, എഡ്യൂനെറ്റ് ഫൗണ്ടേഷന് വേണ്ടി ഹെഡ് ഗവണ്മെന്റ് റിലേഷൻസ് നിധി ജെയിൻ, പാലിയം ഇന്ത്യക്കുവേണ്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബിനോദ് ഹരിഹരൻ എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്.

# സാജു നവോദയ്ക്ക് ആദരമൊരുക്കി ഫേസ് ഫൗണ്ടേഷൻ



**കൊച്ചി :** കേരള ചലച്ചിത്ര അക്കാദമി കൗൺസിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ട സാജു നവോദയയെ ഫേസ് ഫൗണ്ടേഷൻ ആദരിച്ചു. ഗാന്ധിനഗറിലെ ഫേസ് ഫൗണ്ടേഷനിൽ നടന്ന ചടങ്ങ് ജി.സി.ഡി.എ എക്സിക്യൂട്ടീവ് മെമ്പർ എ.ബി സാബു ഉദ്ഘാടനം ചെയ്തു. വനിതാ കമ്മീഷൻ മുൻ അംഗം മോനമ്മ കോക്കാട് , ഫേസ് ഫൗണ്ടേഷൻ പ്രസിഡന്റ് ടി. ആർ ദേവൻ, ട്രസ്റ്റി കെ. ആർ അനീഷ്, സംവിധായകൻമാരായ ലാൽപ്രിയൻ. ഷിജു അഞ്ചുമന, സിനിമ നിർമ്മാതാവ് മാർബെൻ റഹീം. അഡ്വ. സാം ഐസക്ക്, ടിന്റു മോൾ പ്രദീപ്, രതീഷ് ഹരിഹരൻ, സാമുവൽ മാത്യു എന്നിവർ പ്രസംഗിച്ചു.

## സംസ്കൃത സർവ്വകലാശാല മാതൃഭാഷാ പുരസ്കാരം ഷിജു അലക്സിന്



**കൊച്ചി:** മാതൃഭാഷയുടെ സംരക്ഷണത്തിനും വികാസത്തിനും വേിയുള്ള പ്രവർത്തനങ്ങൾക്ക് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഏർപ്പെടുത്തിയിട്ടുള്ള പ്രദീപൻ പാമ്പിരിക്കുന്ന് സ്മാരക മാതൃഭാഷാ പുരസ്കാരത്തിന് ഗ്രന്ഥപ്പുരയുടെ സ്ഥാപകൻ ഷിജു അലക്സ് അർഹനായതായി വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അറിയിച്ചു. 10,000/ രൂപയും ശിലാഫലകവുമാണ് പുരസ്കാരം. കേരളവുമായി ബന്ധപ്പെട്ട്, എല്ലാ ഭാഷകളിലും ലിപികളിലുമുള്ള കൈയ്യെഴുത്ത് രേഖകൾ, അച്ചടി പുസ്തകങ്ങൾ, ചിത്രങ്ങൾ, ഓഡിയോ, വീഡിയോ തുടങ്ങിയവ ശേഖരിച്ച് ഡിജിറ്റൈസ് ചെയ്ത് പൊതുവായി പങ്കുവെക്കുന്ന പദ്ധതിയാണ് ഷിജു അലക്സ് നേതൃത്വം നൽകുന്ന ഗ്രന്ഥപ്പുര.

പാലക്കാട് ജില്ലയിലെ പനയംപാടം സ്വദേശിയായ ഷിജു അലക്സ്, 2009ലാണ് ഗ്രന്ഥപ്പുര ആരംഭിച്ചത്. എല്ലാവർക്കും സൗജന്യമായി ആക്സസ്സ് ചെയ്യാവുന്ന ശ്രദ്ധേയമായ ആർക്കേവുകൾ ആണ് ഷിജു അലക്സ് ഡിജിറ്റൽ ആക്കുന്നത്. ഒരൊറ്റ വ്യക്തി സ്വമേധയാ നിർമ്മിച്ച പുസ്തകങ്ങളുടെയും രേഖകളുടെയും ലോകത്തിലെ ഏറ്റവും വലിയ ഡിജിറ്റൽ ആർക്കൈവ് എന്നാണ് ഗ്രന്ഥപ്പുരയെ കണക്കാക്കുന്നത്. ഗ്രന്ഥപ്പുരയിലൂടെയുള്ള കേരള ഡിജിറ്റൈസേഷൻ പ്രവൃത്തികൾ ഇപ്പോൾ പതിനഞ്ച് വർഷം പിന്നിട്ടിരിക്കുകയാണ്. ഇതിനോടകം നൂറ്കണക്കിന് അപൂർവ്വ ഗ്രന്ഥങ്ങൾ, മാസികകൾ, സ്മരണകകൾ, പാഠപുസ്തകങ്ങൾ തുടങ്ങി കേരളവുമായി ബന്ധപ്പെട്ട ആരിക്കണക്കിനു പ്രമാണങ്ങൾ ഡിജിറ്റൈസ് ചെയ്ത് ഷിജു അലക്സ് പൊതുജനങ്ങൾക്കായി തുറന്നു നൽകിയിട്ടുണ്ട്. ഗ്രന്ഥപ്പുരയിലൂടെ ലഭ്യമായ സ്കാനുകൾ നിരവധി ഗവേഷണ സ്ഥാപനങ്ങളും ഗവേഷകരും ഉപയോഗിച്ചുവരുന്നു. ഗ്രന്ഥപ്പുരയിലെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ അക്കാദമിക്/ അക്കാദമികേതര പഠനങ്ങൾക്ക് അവലംബമായിട്ടുണ്ട്. മലയാള ഭാഷാ പഠനത്തിന് ഷിജു അലക്സ് നൽകുന്ന സംഭാവനകൾ പുരസ്ക്കാര സമിതി പ്രത്യേകം വിലയിരുത്തിയതായി സർവ്വകലാശാല അറിയിച്ചു.

## മാടമ്പ് കുഞ്ഞുകുട്ടൻ സ്മാരക കഥാമത്സരം : വിജയികളെ പ്രഖ്യാപിച്ചു

**കൊച്ചി:** അന്തരാഷ്ട്ര പുസ്തകോത്സവ സമിതി സാഹിത്യകാരൻ മാടമ്പ് കുഞ്ഞുകുട്ടന്റെ സ്മരണയ്ക്കായി സംഘടിപ്പിച്ച കഥാ മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. ഒന്നാംസ്ഥാനം യു.എസ്. രവീന്ദ്രൻ കൊച്ചിയുടെ 'കടങ്ങൾ' എന്ന കഥയ്ക്കാണ് ലഭിച്ചത്. രാംസ്ഥാനം ജാൻ അബുദാബിയുടെ 'ചിക്കുവിന്റെ വിചിത്രജീവിതം' എന്ന കഥയ്ക്കും ലഭിച്ചു. എറണാകുളത്തപ്പൻ മൈതാനിയിൽ കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവ വേദിൽ ഈ മാസം 10 ന് രാവിലെ 10.30ന് നടക്കുന്ന സമ്മേളനത്തിൽ വിജയികൾക്ക് പുരസ്കാരങ്ങൾ സമ്മാനിക്കും.

## ടെൻഡർ ക്ഷണിച്ചു

കൊച്ചി: വെങ്ങോല ഗ്രാമപഞ്ചായത്ത് സി എച്ച് സിയിൽ വൃക്കരോഗികൾക്കുള്ള മരുന്ന് കോൺട്രാക്ട് വ്യവസ്ഥയിൽ വിതരണം ചെയ്യുവാ9 തയാറുള്ള നിർമ്മാതാക്കൾ/വിതരണക്കാർ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 25 ന് രാവിലെ 11 വരെ. ഫോൺ 0484-2971584

## മരട് നഗരസഭയിലെ 12 അങ്കണവാടികൾ ഹൈടെക് നിലവാരത്തിലേക്ക്

**കൊച്ചി:** മരട് നഗരസഭയിലെ 12 അങ്കണവാടികളെ 'ശിശു സൗഹൃദ സ്മാർട്ട് അങ്കണവാടി' പദ്ധതിയുടെ ഭാഗമായി ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കുന്നു. പദ്ധതിയുടെ നഗരസഭാതല ഉദ്ഘാടനം 31ാം ഡിവിഷനിലെ 27ാം നമ്പർ അങ്കണവാടിയിൽ നടന്ന ചടങ്ങിൽ കെ. ബാബു എം.എൽ.എ നിർവഹിച്ചു. മരട് നഗരസഭയിലെ 1, 5, 7, 11, 14, 23, 24, 26, 28, 29, 31, 32 എന്നീ ഡിവിഷനുകളിലായി പ്രവർത്തിക്കുന്ന 12 അങ്കണവാടികളാണ് സ്മാർട്ട് അങ്കണവാടികളായി മാറുന്നത്.

കുട്ടികൾക്ക് കൂടുതൽ സൗകര്യപ്രദമായ പഠനാന്തരീക്ഷവും, ഡിജിറ്റൽ പഠന സൗകര്യങ്ങളും, ശുചിത്വവും, പോഷകാഹാരവും ഉറപ്പു നൽകുന്ന രീതിയിലാണ് സ്മാർട്ട് അങ്കണവാടികൾ രൂപകൽപ്പന ചെയ്യുന്നത്. ചടങ്ങിൽ നഗരസഭ ചെയർപേഴ്സൺ ആന്റണി ആശാംപറമ്പിൽ അധ്യക്ഷനായി. സ്ഥിരം സമതി അധ്യക്ഷൻമാരായ റിയാസ് കെ. മുഹമ്മദ്, റിനി തോമസ്, ബേബി പോൾ, ബിനോയ് ജോസഫ്, കൗൺസിലർമാരായ മോളി ഡെന്നി , ജയ ജോസഫ്, പി. ഡി രാജേഷ്, ചന്ദ്രകലാധരൻ, ബെൻഷാദ് നടുവിലവീട്, മിനി ഷാജി, പത്മപ്രിയ, രേണുക ശിവദാസ്,ഐ.സി.ഡി.എസ് സൂപ്പർവൈസർ വി. കെ ഫെമിത എന്നിവർ സംസാരിച്ചു.

# ഐ.സി.എസ്.ഐ ബെസ്റ്റ് ചാപ്റ്റർ പുരസ്ക്കാരം കൊച്ചി ചാപ്റ്ററിന്




**കൊച്ചി:** കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യയുടെ 2024ലെ വിവിധ ദേശീയ പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ ചാപ്റ്ററുകളിൽ നിന്നും പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് ദേശീയ പുരസ്ക്കാര ജേതാക്കളെ തെരഞ്ഞെടുക്കുന്നത്. കഴിഞ്ഞ വർഷത്തെ മികച്ച ഗോൾഡ് ഗ്രേഡ് ചാപ്റ്ററായി കൊച്ചി ചാപ്റ്റർ തെരഞ്ഞെടുക്കപ്പെട്ടു. തുടർച്ചയായി നാലാം തവണയാണ് ഐ.സി.എസ്.ഐ കൊച്ചി ഈ പുരസ്ക്കാരം നേടുന്നത്. ബോൾഗാട്ടി ഗ്രാന്റ് ഹയാത്തിൽ നടന്ന ചടങ്ങിൽ 2024ലെ കൊച്ചി ചാപ്റ്റർ ചെയർമാനായിരുന്ന നിഖിൽ ജോർജ്ജ് പിന്റോയും ചാപ്റ്റർ എക്സിക്യൂട്ടീവ് ഓഫിസർ സുമിതാ സുവിനും ചേർന്ന് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറിൽ നിന്നും പ്രശസ്തി ഫലകവും കാഷ് അവാർഡും ഏറ്റുവാങ്ങി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ പ്രസിഡന്റ് ധനഞ്ജയ് ശുക്ല, സെക്രട്ടറി ആശിഷ് മോഹൻ, പവൻ ചാക്ക്, ദ്വാരകനാഥ് ചെന്നൂർ തുടങ്ങിയവർ പങ്കെടുത്തു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യയുടെ കമ്പനി സെക്രട്ടറി കോഴ്സ് ഫുൾടൈം ക്ലാസുകൾ നടത്തുന്ന ക്യാംപസ് കൊച്ചി ചാപ്റ്ററിലാണ് പ്രവർത്തിക്കുന്നത്.

# ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് പുതിയ ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് ഇൻഷൂറൻസിന്റെ യൂലിപ് പദ്ധതിയായ ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് ബിഎസ്ഇ 500 എൻഹാൻസ്ഡ് വാല്യു 50 ഇൻഡെക്സ് ഫണ്ട് അവതരിപ്പിച്ചു. അടിസ്ഥാനപരമായി ശക്തമായതും നിലവിൽ അവയുടെ സാധ്യതകളേക്കാൾ കുറഞ്ഞ മൂല്യത്തിൽ ലഭ്യമായതുമായ ഓഹരികളിൽ ശ്രദ്ധ പതിപ്പിച്ചു കൊണ്ട് ഇന്ത്യയുടെ വികസന മുന്നേറ്റത്തിൽ പങ്കാളികളാകാൻ നിക്ഷേപകർക്ക് അവസരം നൽകുന്നതാണ് ഈ ഫണ്ടെന്ന് ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് ഇൻഷൂറൻസ് കമ്പനി ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫിസർ മനീഷ് കുമാർ പറഞ്ഞു. ബിഎസ്ഇ 500 എൻഹാൻസ്ഡ് വാല്യു 50 സൂചികയെ പ്രതിഫലിപ്പിക്കുന്നതായിരിക്കും പുതിയ ഫണ്ട്. പാസീവ് രീതിയിൽ കൈകാര്യം ചെയ്യുന്ന ഈ പദ്ധതി യുലിപ് ഉപഭോക്താക്കൾക്ക് ഇന്ത്യയുടെ വികസന മുന്നേറ്റത്തിൽ പങ്കാളികളാകാനുള്ള ലളിതവും സുതാര്യവുമായ മാർഗമാണു തുറന്നു കൊടുക്കുന്നതെന്നും മനീഷ് കുമാർ പറഞ്ഞു. റിട്ടയർമെന്റ്, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ ദീർഘകാല ലക്ഷ്യങ്ങൾ നിറവേറ്റാൻ ഉപഭോക്താക്കളെ സഹായിക്കുന്നതാണ് ഈ പദ്ധതിയെന്നും അദ്ദേഹം വ്യക്തമാക്കി.

# എംവീ ഫോട്ടോവോൾട്ടെയ്ക് പവർ ലിമിറ്റഡ് ഐപിഒ നവംബർ 11 മുതൽ



**കൊച്ചി:** എംവീ ഫോട്ടോവോൾട്ടെയ്ക് പവർ ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2025 നവംബർ 11 മുതൽ 13 വരെ നടക്കും. 2,143.86 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 756.14 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 206 മുതൽ 217 രൂപ വരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 69 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 69 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# പരിസ്ഥിതി മലിനീകരണം പ്രമേഹത്തിന്റെ പ്രധാന ഘടകം

**കൊച്ചി:** ഇന്ത്യയിൽ പ്രമേഹരോഗം വർധിക്കുന്നതിനുള്ള പ്രധാന ഘടകങ്ങളിലൊന്ന് പരിസ്ഥിതി മലിനീകരണമാണെന്ന് വിലയിരുത്തൽ. പരിസ്ഥിതി മലിനീകരണവും എൻഡോക്രൈൻ ഡിസ്റപ്റ്ററുകളും ഡയബറ്റോളജിയിലെ ഒരു പുതിയപഠന മേഖലയായി രൂപപ്പെട്ടിട്ടുണ്ടെന്ന് അസോസിയേഷൻ ഓഫ് ഫിസിഷ്യൻസ് ഓഫ് ഇന്ത്യ (മൽവാ ബ്രാഞ്ച്) ചെയർമാൻ ഡോ. വിതുൽ കെ. ഗുപ്ത പറഞ്ഞു. 'വ്യവസായവൽക്കരണം, പരിസ്ഥിതി സമ്പർക്കം, ഉപാപചയ ആരോഗ്യം എന്നിവ തമ്മിലുള്ള ബന്ധം അടിയന്തരമായ ശ്രദ്ധ ആവശ്യപ്പെടുന്നു' എന്ന ഗവേഷണം സൊസൈറ്റി ഫോർ ദി സ്റ്റഡി ഓഫ് ഡയബറ്റിസ് ഇൻ ഇന്ത്യ (ആർഎസ്എസ്ഡിഐ) യുടെ 53ാമത് ദേശീയ വാർഷിക സമ്മേളനത്തിൽ മലിനീകരണവും പ്രമേഹവും എന്ന വിഷയത്തിൽ അവതരിപ്പിച്ചുകൊണ്ട് ഡോ. ഗുപ്ത ചൂണ്ടിക്കാട്ടി.

പ്ലാസ്റ്റിക്കുകളിൽ സാധാരണയായി കാണപ്പെടുന്ന ഫ്താലേറ്റുകൾ (phthalates), ശരീരത്തിലെ ജനിതക നിയന്ത്രണങ്ങളിലൂടെ ടൈപ്പ് 2 പ്രമേഹത്തിന്റെ സാധ്യത വർദ്ധിപ്പിക്കുകയും ഗർഭിണികളിൽ ഗുരുതരമായ ആരോഗ്യ പ്രശ്നത്തിന് വഴിവെക്കുകയും ചെയ്യുന്നുവെന്ന് ഇന്ത്യൻ ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു. കർശനമായ എമിഷൻ മാനദണ്ഡങ്ങൾ, കീടനാശിനി ഉപയോഗത്തിലെ നിരീക്ഷണവും നിയന്ത്രണവും, ഭക്ഷ്യ പാക്കേജിംഗിൽ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കൽ എന്നിവയുടെ ആവശ്യകതയും ഡോ. ഗുപ്ത ചൂണ്ടിക്കാട്ടി. പ്രമേഹ സാധ്യത വിലയിരുത്തലുകളിൽ, ക്ലിനിക്കൽ തലത്തിൽ രോഗിയുടെ പരിസ്ഥിതി പശ്ചാത്തല ചരിത്രം കൂടി ഉൾപ്പെടുത്താനും അദ്ദേഹം നിർദ്ദേശിച്ചു.

നയരൂപീകരണം, പൊതുജനാരോഗ്യ ഇടപെടലുകൾ, ക്ലിനിക്കൽ പ്രാക്ടീസ് എന്നിവയിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത്, പ്രത്യേകിച്ച് മലിനീകരണവും പ്രമേഹവും വേഗത്തിൽ വർദ്ധിച്ചുവരുന്ന വികസ്വര രാജ്യങ്ങളിൽ, പ്രമേഹവ്യാപനം തടയുന്നതിന് അത്യാവശ്യമാണ് എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഏറ്റവും നൂതനമായ പ്രമേഹ ചികിത്സകളും, ഇന്ത്യയിൽ ഈ രോഗം കൊണ്ടുണ്ടാവുന്ന സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങളും സമ്മേളനത്തിൽ ചർച്ച ചെയ്തു.

# മൂന്ന് ലക്ഷം ഇലക്ട്രിക് വാഹനങ്ങൾ വിറ്റു; പുതിയ നാഴികക്കല്ലുമായി മഹീന്ദ്ര




കൊച്ചി: ഇന്ത്യയിലെ മുൻനിര ഇകൊമേഴ്സ്യൽ വാഹന നിർമാതാക്കളായ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് (എംഎൽഎംഎംഎൽ) 3,00,000ത്തിലധികം ഇലക്ട്രിക് വാഹനങ്ങൾ വിറ്റഴിച്ച് ഈ രംഗത്ത് പുതിയ നാഴികക്കല്ല് സൃഷ്ടിച്ചു. ഈ നേട്ടം കൈവരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ഒറിജിനൽ എക്യുപ്മെൻറ് മാനുഫാക്ചറർ കൂടിയാണ് മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡെന്ന് മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റിയുടെ മാനേജിങ് ഡയറക്ടറും സിഇഒയുമായ സുമൻ മിശ്ര പറഞ്ഞു. ഇതുവഴി ഇന്ത്യയിലെ മുൻനിര വാണിജ്യ ഇലക്ട്രിക് വാഹന നിർമാതാക്കളെന്ന സ്ഥാനം കമ്പനി ശക്തിപ്പെടുത്തുകയും ചെയ്തു.

3 ലക്ഷം ഇലക്ട്രിക് വാഹനങ്ങളുടെ നേട്ടം ആഘോഷിക്കുന്നതിൻറെ ഭാഗമായി ഐഒഎസ്, ആൻഡ്രോയിഡ്, വെബ് എന്നിവയിൽ നവീകരിച്ച നെമോ പ്ലാറ്റ്ഫോം കൂടി കമ്പനി അവതരിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ 12 മാസങ്ങൾക്കുള്ളിൽ മാത്രം ഒരു ലക്ഷം ഇലക്ട്രിക് വാഹനങ്ങളാണ് കമ്പനി വിറ്റഴിച്ചത്. മഹീന്ദ്ര വിറ്റഴിച്ച മൂന്ന് ലക്ഷം ഇലക്ട്രിക് വാഹനങ്ങൾ 5 ബില്യൺ കിലോമീറ്ററിലധികം സഞ്ചരിച്ചു, 185 കിലോ മെട്രിക് ടണ്ണിലധികം കാർബൺ ഡയോക്സൈഡ് പുറന്തള്ളുന്നത് തടയാനും സാധിച്ചു. 4.3 ദശലക്ഷത്തിലധികം മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് തുല്യമായ പാരിസ്ഥിതിക സ്വാധീനമാണ് ഇതിലൂടെ മഹീന്ദ്ര ഉണ്ടാക്കിയത്.

ട്രിയോ റേഞ്ച്, സോർ ഗ്രാൻഡ്, ഇആൽഫ 3വീലറുകൾ, മഹീന്ദ്ര സിയോ 4വീലർ എന്നിവ ഉൾപ്പെടുന്ന ഇന്ത്യയിലെ ഏറ്റവും വിപുലമായ ഇലക്ട്രിക് വാണിജ്യ വാഹന നിരയാണ് മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ലിമിറ്റഡ് വാഗ്ദാനം ചെയ്യുന്നത്. ട്രിയോ പ്ലസ് ഷീറ്റ് മെറ്റൽ, ഇആൽഫ പ്ലസ്, സോർ ഗ്രാൻഡ് റേഞ്ച് പ്ലസ്, മഹീന്ദ്ര സിയോ എന്നിവ ഉൾപ്പെടെ തുടർച്ചയായ നവീകരണത്തിലൂടെ കഴിഞ്ഞ കുറച്ച് വർഷങ്ങളായി പുതിയതും മെച്ചപ്പെടുത്തിയതുമായ വാഹനങ്ങൾ മഹീന്ദ്ര പുറത്തിറക്കിയിരുന്നു. കൂടാതെ ഡ്രൈവർമാർക്ക് 20 ലക്ഷം അപകട ഇൻഷുറൻസ് പരിരക്ഷയും സാമ്പത്തിക കൗൺസിലിങ്ങും പോലുള്ള ആനുകൂല്യങ്ങൾ നൽകുന്ന ഉദയ് നെക്സ്റ്റ് പ്രോഗ്രാമും അവതരിപ്പിച്ചിരുന്നുവെന്നും സുമൻ മിശ്ര പറഞ്ഞു.

# ഫോർട്ട് കൊച്ചി അടിസ്ഥാന സൗകര്യവികസനം: 3.21 കോടി രൂപ അനുവദിച്ച് ടൂറിസം വകുപ്പ്

**കൊച്ചി:** കേരളത്തിലെ ഏറ്റവും വലിയ അന്താരാഷ്ട്ര ടൂറിസം ആകർഷണങ്ങളിലൊന്നായ ഫോർട്ട് കൊച്ചിയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി ടൂറിസം വകുപ്പ് 3,21,95,000 രൂപ അനുവദിച്ചു. സംസ്ഥാനത്ത് ഏറ്റവുമധികം വിദേശ ടൂറിസ്റ്റുകൾ എത്തുന്ന സ്ഥലമാണ് ഫോർട്ട് കൊച്ചിയും പരിസരപ്രദേശങ്ങളും. ഈ മേഖലയിലെ ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ ആഗോള നിലവാരത്തിലെത്തിക്കാനുള്ള പരിശ്രമങ്ങളുടെ ഭാഗമായാണ് ഫണ്ട് അനുവദിച്ചത്.

സൗന്ദര്യവത്കരണം, നടപ്പാതകൾ, പൊതു ഇരിപ്പിടങ്ങൾ, കെട്ടിടങ്ങൾ, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം, ആധുനിക ശുചിമുറികൾ, വൈദ്യുതീകരണ ജോലികൾ എന്നിവയാണ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നത്.ഫോർട്ട് കൊച്ചിയുടെയും പശ്ചിമകൊച്ചിയുടെയും ടൂറിസം സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് വകുപ്പിന്റെ മുൻഗണനാ വിഷയങ്ങളിലൊന്നാണെന്ന് ടൂറിസം, പൊതുമരാമത്ത് മന്ത്രി പി. എ മുഹമ്മദ് റിയാസ് പറഞ്ഞു. സംസ്ഥാനത്ത് ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവിവരങ്ങൾ ക്യൂ ആർ കോഡിലൂടെ നൽകുന്നത് ആദ്യമായി നടപ്പാക്കിയത് ഫോർട്ട്കൊച്ചിയിലായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ടൂറിസം രംഗത്തെ എല്ലാ പങ്കാളികളും പശ്ചിമകൊച്ചിയുടെ ടൂറിസം അടിസ്ഥാന സൗകര്യവികസനത്തിന്റെ കാര്യത്തിൽ പരിപൂർണ സഹകരണം നൽകുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റെടുത്തതിന് ശേഷമാണ് ഫോർട്ട് കൊച്ചിയിലെ സർക്കാർ അതിഥിമന്ദിരം രണ്ടരക്കോടി ചെലവിൽ നവീകരിച്ചത്. ഇത്തരം പദ്ധതികൾ ടൂറിസം വികസനത്തിനുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് കാണിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# ക്ഷീരസാഗര പദ്ധതി അവതരിപ്പിച്ച് അബോട്ട്



**കൊച്ചി:** അന്താരാഷ്ട്ര സ്ഥാപനമായ ടെക്നോസെർവുമായി ചേർന്ന് ഹെൽത്ത് കെയർ കമ്പനിയായ അബോട്ട് ക്ഷീരകർഷകരെ സഹായിക്കുന്നതിന് ‘പ്രൊജക്റ്റ് ക്ഷീരസാഗർ’ (ക്ഷീരസാഗര പദ്ധതി)എന്ന സംരംഭം ഇന്ത്യയിൽ ആരംഭിച്ചു. കർഷകരുടെ ജീവിതത്തെ പരിവർത്തനം ചെയ്യാനും രാജ്യത്ത് ഒരു സുസ്ഥിര അസംസ്കൃത പാൽ വിതരണ ശൃംഖല സൃഷ്ടിക്കാൻ അവരെ ശാക്തീകരിക്കാനുമാണ് സംരംഭം ലക്ഷ്യമിടുന്നതെന്ന് ടെക്നോസെർവ് ഇന്ത്യയുടെ കൺട്രി ഡയറക്ടർ ജോയ്ദീപ് ദത്ത പറഞ്ഞു. മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ ആരംഭിച്ച ക്ഷീരസാഗർ പദ്ധതി കർഷകർക്ക് ബാങ്ക് അക്കൗണ്ടുകൾ തുറക്കാനും, തൊഴിലവസരങ്ങൾ തേടാനും, സാമ്പത്തിക സാക്ഷരതയിലും ഡയറി ഫാം മാനേജ്മെന്റിലും പരിശീലനം നേടാനും സഹായിച്ചുകൊണ്ട് കർഷകരിൽ നിക്ഷേപം നടത്തുന്നു.

ഇന്ത്യയിലെ ക്ഷീരകർഷകരെ പിന്തുണയ്ക്കുന്നതിനായി കഴിഞ്ഞ ദശകത്തിൽ നടപ്പിലാക്കിയ മുൻകാല പദ്ധതികളെ അടിസ്ഥാനമാക്കിയാണ് ഈ പ്രവർത്തനം. വിശ്വസനീയമായ കോൾഡ് സ്റ്റോറേജിനായി ഗ്രാമങ്ങളിൽ 130 പാൽ ശേഖരണ കേന്ദ്രങ്ങൾ ഇതിലൂടെ സ്ഥാപിച്ചിട്ടുണ്ട്. ഇത് ഗുണനിലവാരമുള്ള പാൽ വിതരണം ചെയ്യുന്നത് എളുപ്പമാക്കുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇതുവരെയായി അബോട്ട് 12,000ത്തിലധികം ക്ഷീരകർഷകരുമായി കൈകോർത്ത് കൂടുതൽ സുസ്ഥിരമായ വിതരണ ശൃംഖല സൃഷ്ടിച്ചു. 1000ത്തിലധികം ഫാമുകളിലുടനീളം മൃഗസംരക്ഷണ നിലവാരം മെച്ചപ്പെടുത്തുന്നതിലൂടെ ഏകദേശം 51,000 പാൽ തരുന്ന കന്നുകാലികൾക്ക് പ്രയോജനം ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഈ പദ്ധതിയുടെ കാലയളവിൽ വെറ്ററിനറി ചെലവ് 60% കുറയ്ക്കുകയും പാൽ ഉൽപാദനം 55% വർദ്ധിപ്പിക്കുകയും ചെയ്തു. ഈ സംരംഭം പ്രാദേശിക കർഷക സമൂഹത്തിനുംഅബോട്ടിന്റെ പോഷകാഹാര ഉൽപ്പന്നങ്ങളെ ആശ്രയിക്കുന്ന കുടുംബങ്ങൾക്കും ഒരുപോലെ പ്രയോജനകരമാണെന്നും ജോയ്ദീപ് ദത്ത പറഞ്ഞു. നിശ്ചിതമായ ഡയറി രീതികൾ സ്വീകരിക്കുന്നതിലൂടെ ഇന്ത്യൻ കർഷകർ പാലിന്റെ ഗുണനിലവാരവും ഉൽപ്പാദനക്ഷമതയും മെച്ചപ്പെടുത്തിയിട്ടുണ്ടെന്നും അദേഹം പറഞ്ഞു.

സുസ്ഥിരവും കരുത്തുറ്റതുമായ പാൽ വിതരണ ശൃംഖല സൃഷ്ടിക്കാനുള്ള അബോട്ടിന്റെ ശ്രമങ്ങളുടെ ഭാഗമാണ് പ്രോജക്ട് ക്ഷീരസാഗറെന്ന് ഇന്ത്യയിലെ അബോട്ടിന്റെ പോഷകാഹാര ബിസിനസിന്റെ സപ്ലൈ ചെയിൻ ഡയറക്ടർ ഷിബാഷിഷ് പ്രമാണിക് പറഞ്ഞു. ഈ സംരംഭം കുടുംബ ബിസിനസുകൾ വിജയിക്കാൻ സഹായിക്കുകയും ഭാവി തലമുറകൾക്ക് അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്നും അദേഹം പറഞ്ഞു.

# വായ്പാ വിതരണത്തിന് ‘എക്സ്പീരിയൻ ഗ്രാമീൺ സ്കോർ’

**കൊച്ചി:** ഗ്രാമീണ മേഖലയിലെ സംരംഭങ്ങൾക്കും സ്വയം സഹായ സംഘങ്ങൾക്കും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും കാര്യക്ഷമമായി വായ്പകൾ ലഭിക്കുന്നതിന് ‘എക്സ്പീരിയൻ ഗ്രാമീൺ സ്കോർ’ സംവിധാനം അവതരിപ്പിച്ചു. രാജ്യത്തെ പ്രമുഖ ക്രെഡിറ്റ് ബ്യൂറോ ആയ എക്സ്പീരിയൻ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയാണ് പുതിയ സ്കോറിംഗ് സംവിധാനം അവതരിപ്പിച്ചത്. ഗ്രാമീണ ഉപഭോക്താക്കളുടെ സാമ്പത്തിക ശേഷി കൃത്യമായി വിലയിരുത്താൻ വായ്പാ സ്ഥാപനങ്ങളെ സഹായിക്കുന്നതാണ് പുതിയ സംവിധാനം. രാജ്യത്തെ എല്ലാവിഭാഗം ആളുകളെയും സാമ്പത്തിക സേവനങ്ങളിൽ ഉൾപ്പെടുത്തുകയെന്ന കേന്ദ്ര സർക്കാരിന്റെ നയങ്ങളുടെ ഭാഗമായാണ് പുതിയ നീക്കം.

ഇക്കഴിഞ്ഞ കേന്ദ്ര ബജറ്റിൽ ഗ്രാമീൺ ക്രെഡിറ്റ് സ്കോറിംഗ് സംവിധാനത്തെക്കുറിച്ച് പരാമർശിച്ചിരുന്നു. ആർ.ബി.ഐയുടെ നിർദേശങ്ങൾക്കനുസരിച്ചാണ് ഗ്രാമീണ ജനതയുടെ ക്രെഡിറ്റ് സ്കോറിംഗ് വിലയിരുത്തുക. നഗരങ്ങളിലെ ക്രെഡിറ്റ് സ്കോർ മാനദണ്ഡങ്ങൾ ഗ്രാമീണ സാഹചര്യങ്ങളിൽ പലപ്പോഴും പ്രായോഗികമല്ല. തിരിച്ചടവ് കൃത്യമായ നടത്തിയാലും ക്രെഡിറ്റ് സ്കോറിംഗിലെ സാങ്കേതിക പ്രശ്നങ്ങൾമൂലം വായ്പകൾ നേടുന്നതിന് ഗ്രാമീണ ജനതയ്ക്ക് ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. ഇതിനൊരു ശാശ്വത പരിഹാരമായാണ് എക്സ്പീരിയൻ ഗ്രാമീൺ സ്കോർ അവതരിപ്പിച്ചത്. 300 മുതൽ 900 വരെയുള്ള ക്രെഡിറ്റ് സ്കോർ പരിധിക്കുള്ളിൽ വ്യക്തികൾക്കുപുറമെ, സ്ത്രീ സംരംഭകർ, സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയെ തരംതിരിക്കുകയും അനുയോജ്യമായ വായ്പാ സൗകര്യം അനുവദിക്കുകയും ചെയ്യും.

ഇന്ത്യയുടെ ഗ്രാമീണ മേഖലയിൽ ആത്മവിശ്വാസത്തോടെ വായ്പകൾ വിതരണം ചെയ്യാൻ ധനകാര്യ സ്ഥാപനങ്ങളെ സജ്ജരാക്കുകയാണ് പുതിയ ക്രെഡിറ്റ് സ്കോറിംഗ് സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് എക്സ്പീരിയൻ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനി ചെയർമാൻ മനീഷ് ജെയിൻ പറഞ്ഞു. ഗ്രാമീണ ജനതയുടെ തിരിച്ചടവ് ശേഷിയെ അടിസ്ഥാനപ്പെടുത്തി, സുതാര്യമായ വായ്പാ വിതരണ ശൃംഖല രൂപപ്പെടുത്തുന്നതിലൂടെ സുസ്ഥിര സാമ്പത്തിക വളർച്ചയ്ക്ക് പ്രോത്സാഹനം നൽകുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# 30.5 കോടി രൂപയുടെ അറ്റാദായം: നേട്ടം കൈവരിച്ച് മുത്തൂറ്റ് മൈക്രോഫിൻ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ബാങ്ക് ഇതര ധനകാര്യ സ്ഥാപനമായ മുത്തൂറ്റ് മൈക്രോഫിൻ നടപ്പു സാമ്പത്തിക വർഷത്തിന്റെ രണ്ടാം ത്രൈമാസത്തിൽ 30.5 കോടി രൂപയുടെ അറ്റാദായം കൈവരിച്ചു. സ്ഥാപനത്തിന്റെ വ്യക്തിഗത വായ്പകൾ 257.2 കോടി രൂപയിലും എത്തിയിട്ടുണ്ട്. ത്രൈമാസാടിസ്ഥാനത്തിൽ 28.1 ശതമാനം വർധനവോടെ 2,273.9 കോടി രൂപയുടെ വായ്പകളും കമ്പനി വിതരണം ചെയ്തിട്ടുണ്ട്. ദീർഘകാല വായ്പാ സൗകര്യങ്ങൾ, എൻസിഡികളുടെ ക്രിസിൽ റേറ്റിങ് സ്റ്റേബിളിൽ നിന്നു പോസിറ്റീവ് ആയി ഉയർത്തിയിട്ടുണ്ട്.

കമ്പനിയുടെ മൊത്ത നിഷ്ക്രിയ ആസ്തികൾ 4.61 ശതമാനമായി കുറഞ്ഞിട്ടുണ്ട്. അറ്റ നിഷ്ക്രിയ ആസ്തികൾ 1.41 ശതമാനമായി കുറഞ്ഞിട്ടുണ്ടെന്നും പ്രവർത്തന ഫലം ചൂണ്ടിക്കാട്ടുന്നു. വിതരണം, ലാഭക്ഷമത, ആസ്തി നിലവാരം തുടങ്ങിയവയിലെ ആരോഗ്യകരമായ മുന്നേറ്റത്തോടെ കൃത്യമായ പാതയിലാണ് ബിസിനസെന്ന് മുത്തൂറ്റ് മൈക്രോഫിൻ ചെയർമാനും നോൺ എക്സിക്യൂട്ടീവ് ഡയറക്ടറുമായ തോമസ് മുത്തൂറ്റ് പറഞ്ഞു. വരും ത്രൈമാസങ്ങളിലും ഈ മുന്നേറ്റം തുടരുമെന്നാണ് പ്രതീക്ഷയെന്നും സ്വർണ പണയ വായ്പ, വസ്തു ഈടിന്മേലുള്ള വായ്പ, വ്യക്തിഗത വായ്പകൾ തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ വിപുലമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

muthoot MICROFIN

അടിസ്ഥാന തലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള നടപടികൾ മികച്ച ഫലം ലഭ്യമാക്കുന്നത് തുടരുകയാണെന്നും രണ്ടാം ത്രൈമാസത്തിൽ വായ്പാ വിതരണം 28.1 ശതമാനം ത്രൈമാസ വളർച്ചയോടെ 2,273.9 കോടി രൂപയിലെത്തിയത് ഇതിന്റെ ഉദാഹരണമാണെന്നും മുത്തൂറ്റ് മൈക്രോഫിൻ സിഇഒ സദാഫ് സയീദ് പറഞ്ഞു.

# മോട്ടോ ജി67 പവർ പുറത്തിറക്കി മോട്ടറോള




**കൊച്ചി:** മോട്ടോ ജി67 പവർ പുറത്തിറക്കി മോട്ടറോള. 50 എം.പി സോണി ലിറ്റിയ 600 ക്യാമറ, 32എംപി സെൽഫി ക്യാമറ, സിലിക്കൺ കാർബൺ 7000എംഎഎച്ച് ബാറ്ററി, സ്നാപ്ഡ്രാഗൺ 7എസ്ജൻ 2 പ്രോസസർ, ഗൊറില്ല ഗ്ലാസ് 7ഐ, എംഐഎൽ 810എച്ച്, അൾട്രാപ്രീമിയം വീഗൻ ലെതർ ഡിസൈൻ, 6.7" 120എച്ച്സെഡ് എഫ്എച്ച്ഡിപ്ലസ് ഡിസ്പ്ലേ, ഐപി64 റേറ്റിംഗ് എന്നിവയെല്ലാം ജി67 പവറിൽ വരുന്നുണ്ട്. സിലാൻട്രോ ഗ്രീൻ, പാരച്യൂട്ട് ബീജ്, ബ്ലൂ കുറാക്കാവോ നിറങ്ങളിൽ ഫോൺ ലഭ്യമാകും.
നവംബർ 12 ഉച്ചയ്ക്ക് 12 മണി മുതൽ ഫ്ളിപ്കാർട്ട്, മോട്ടറോള. ഇൻ, റീട്ടെയിൽ സ്റ്റോറുകൾ എന്നിവയിൽ ലോഞ്ചിനോടനുബന്ധിച്ച് പ്രത്യേക വിലയായ 14,999 രൂപയ്ക്ക് ഫോൺ വിൽപ്പനയ്ക്കെത്തും.

# ഓറൽ ഹെൽത്ത് നിർണായകം: രാഹുൽ ദ്രാവിഡ്

**കൊച്ചി:** മികച്ച കായികക്ഷമത കൈവരിക്കുന്നതിൽ വായയുടെ ആരോഗ്യത്തിന് നിർണായക പങ്കുന്ന് ക്രിക്കറ്റ് താരവും മുൻ ഇന്ത്യൻ പരിശീലകനുമായ രാഹുൽ ദ്രാവിഡ്. ഉയർന്ന മത്സരാത്മക സാഹചര്യങ്ങളിലെ വിജയത്തെ നിർവചിക്കുന്ന ‘ഏറ്റവും ചെറിയ കാര്യങ്ങളിൽ’ ഒന്നാണിതെന്നും അദ്ദേഹം പറഞ്ഞു. ബ്രേക്ക്ഫാസ്റ്റ് വിത്ത് ചാമ്പ്യൻസ് എന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡെന്റൽ കെയർ ഉൾപ്പെടെയുള്ള ഒരു കായികതാരത്തിന്റെ ആരോഗ്യത്തിന്റെ എല്ലാ വിശദാംശങ്ങളിലും ശ്രദ്ധ ചെലുത്തുന്നതാണ് ആഗോള പ്രവണതയെന്നും ദ്രാവിഡ് ചൂണ്ടിക്കാട്ടി. എഫ്സി ബാഴ്സലോണ പോലുള്ള ലോകോത്തര ടീമുകൾ വായയുടെ ആരോഗ്യ പരിശോധനകൾ നിർബന്ധമാക്കിയതിനെ അദ്ദേഹം ഉദാഹരണമായി ചൂിക്കാട്ടി, ഇത് പ്രൊഫഷണൽ പ്രകടനത്തിന്റെ അവിഭാജ്യ ഘടകമായി ഓറൽ ഹൈജീൻ മാറുന്നതിനെ അടിവരയിടുന്നുവെന്നും ഒരു പ്രൊഫഷണൽ അത്‌ലറ്റ് എന്ന നിലയിൽ സ്വയം ശ്രദ്ധിക്കാൻ ആഗ്രഹിക്കുന്നവർ അവരുടെ ഓറൽ ഹെൽത്തും ശ്രദ്ധിക്കണമെന്നും ദ്രാവിഡ് പറഞ്ഞു.

# സിഎസ്ബി ബാങ്കിന്റെ അറ്റാദായത്തിൽ 16 ശതമാനം വർധനവ്

CSB Bank
Trusted Heritage Smart Future

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തിന്റെ രണ്ടാം ത്രൈമാസത്തിൽ സിഎസ്ബി ബാങ്ക് 16 ശതമാനം വാർഷിക വർധനവോടെ 160 കോടി രൂപ അറ്റാദായം കൈവരിച്ചു. ഇക്കാലയളവിൽ പ്രവർത്തന ലാഭം 39 ശതമാനം വർധിച്ച് 279 കോടി രൂപയിലും എത്തിയിട്ടുണ്ട്. ബാങ്കിന്റെ ആകെ നിക്ഷേപങ്ങൾ വാർഷികാടിസ്ഥാനത്തിൽ 25 ശതമാനം വർധനവോടെ 39,651 കോടി രൂപയിലെത്തിയതായി സെപ്റ്റംബർ 30ലെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. വായ്പകളുടെ അറ്റ വളർച്ച 29 ശതമാനം വാർഷിക വളർച്ചയോടെ 34,262 കോടി രൂപയിലും അറ്റ പലിശ വരുമാനം 15 ശതമാനം വർധനവോടെ 424 കോടി രൂപയിലും എത്തി. വിപണിയിലെ വിപുലമായ വെല്ലുവിളികളുടെ സാഹചര്യത്തിലും വളർച്ചയിലും സംവിധാനത്തിന്റെ സ്ഥിരതയുടെ രംഗത്തും തങ്ങളുടെ ടീം നടത്തിയ തന്ത്രപരമായ ശ്രദ്ധയുടെ ഫലമാണിതെന്ന് പ്രവർത്തന ഫലങ്ങളെ കുറിച്ച് സംസാരിക്കവേ മാനേജിങ് ഡയറക്ടറും സിഇഒയും പറഞ്ഞു.

# 'ആംപ്യൂട്ടേഷൻ ഫ്രീ ഇന്ത്യ' കൊച്ചി വാക്കത്തോൺ 9ന്

**കൊച്ചി:** വാസ്കുലാർ രോഗങ്ങളെക്കുറിച്ചും പ്രതിരോധ, ചികിത്സാ മാർഗ്ഗങ്ങളെക്കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ നടക്കുന്ന രാജ്യവ്യാപക പ്രചാരണ ക്യാംപെയ്ൻ 'ആംപ്യൂട്ടേഷൻ ഫ്രീ ഇന്ത്യ'യുടെ ഭാഗമായി കൊച്ചിയിൽ വാക്കത്തോൺ സംഘടിപ്പിക്കുന്നു. വാസ്കുലാർ സൊസൈറ്റിയുടെ ഇന്ത്യ, കേരള ചാപ്റ്ററുകൾ അമൃത ഹോസ്പിറ്റലുമായി ചേർന്ന് ഈമാസം 9ന് സംഘടിപ്പിക്കുന്ന വാക്കത്തോൺ ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യും. കളമശേരിയിലെ ഡക്കാത്ത്ലോണിൽ നിന്നും ആരംഭിക്കുന്ന വാക്കത്തോൺ കണ്ടെയ്നർ ടെർമിനൽ റോഡിൽ പ്രവേശിച്ച് ഫാക്ട് ജംഗ്ഷനിൽ സമാപിക്കും.

ആരോഗ്യമേഖലയിലെ വിദഗ്ധർ, വിവിധ യുവജന ക്ലബ് അംഗങ്ങൾ, പൊതുജനങ്ങൾ തുടങ്ങി ഏകദേശം മുന്നൂറോളം ആളുകൾ വാക്കത്തോണിൽ പങ്കെടുക്കും. വാസ്കുലർ രോഗങ്ങളുടെ മുൻകൂട്ടിയുള്ള നിർണയം, സമയബന്ധിത ചികിത്സ എന്നിവയുടെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് വാക്കത്തോണിന്റെ ലക്ഷ്യം. വാസ്കുലർ രോഗങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ കാരണം കൈകാലുകൾ മുറിച്ചുമാറ്റേണ്ട ഗുരുതരമായ അവസ്ഥയിലേക്ക് രോഗികൾ നയിക്കപ്പെടുന്നുവെന്ന് വാസ്കുലർ സൊസൈറ്റി ഓഫ് കേരള പ്രസിഡന്റും സ്റ്റാർകെയർ ഹോസ്പിറ്റലിലെ വാസ്കുലർ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റുമായ ഡോ. സുനിൽ രാജേന്ദ്രൻ അഭിപ്രായപ്പെട്ടു. പ്രത്യേകിച്ചും പ്രമേഹരോഗികളിലാണ് ഈ സാഹചര്യം കൂടുതലായുള്ളത്. രോഗം ബാധിച്ചുകഴിഞ്ഞാൽ, ഒരു വാസ്കുലർ സർജന്റെ കൃത്യസമയത്തുള്ള ഇടപെടൽ അനിവാര്യമാണ്. ആൻജിയോപ്ലാസ്റ്റി, ബൈപാസ് സർജറി പോലുള്ള നൂതന ചികിത്സാരീതികളിലൂടെ 95% വരെ അംഗവിഛേദം ഒഴിവാക്കാനാകുമെന്നും ഡോ. സുനിൽ രാജേന്ദ്രൻ അഭിപ്രായപ്പെട്ടു.

# യൂറോഗ്രിപ്പ് പുതിയ അഡ്വഞ്ചർ ടയർ ശ്രേണി അവതരിപ്പിച്ചു




**മിലാൻ / ചെന്നൈ:** ടിവിഎസ് ശ്രീചക്ര ലിമിറ്റഡിന്റെ പ്രമുഖ ടയർ ബ്രാൻഡായ യൂറോഗ്രിപ്പ്, ഇറ്റലിയിലെ മിലാനിൽ നടക്കുന്ന ലോകത്തിലെ ഏറ്റവും വലിയ മോട്ടോർസൈക്കിൾ പ്രദർശനമായ ഇഐസിഎംഎ 2025ൽ തങ്ങളുടെ ഏറ്റവും പുതിയ ടയറുകൾ അവതരിപ്പിച്ചു. സാഹസിക റൈഡുകൾക്കായുള്ള 'ട്രെയിൽഹൗണ്ട് വൈൽഡ്', സ്കൂട്ടറുകൾക്കായുള്ള 'ബീ വൈൽഡ്' എന്നിവയാണ് പുതുതായി പുറത്തിറക്കിയത്. നവംബർ 6 മുതൽ 9 വരെയാണ് പ്രദർശനം.

തുടർച്ചയായ അഞ്ചാം വർഷമാണ് യൂറോഗ്രിപ്പ് ഇഐസിഎംഎയിൽ പങ്കെടുക്കുന്നത്. ഈ പുതിയ ഉൽപ്പന്നങ്ങൾക്കൊപ്പം, ബീ കണക്ട്, പ്രോട്ടോർക്ക് എക്സ്ട്രീം, റോഡ്ഹൗണ്ട്, ട്രെയിൽഹൗണ്ട് എസ്സിആർ, ട്രെയിൽ ഹോൾഡ് എസ്ടിആർ, ബീ വോൾട്ട്, ബീ സ്പോർട് തുടങ്ങിയ ആഗോളതലത്തിൽ ശ്രദ്ധ നേടിയ ടയറുകളും കമ്പനി പ്രദർശിപ്പിച്ചിട്ടുണ്ട്. ഹൈ പെർഫോമൻസ് സ്പോർട്സ് ബൈക്കുകൾ, എൻഡ്യൂറോ, മോട്ടോക്രോസ്, സ്പോർട് ടൂറിംഗ്, ഇലക്ട്രിക് വാഹനങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളിൽ തങ്ങളുടെ സാന്നിധ്യം ശക്തമാക്കുകയാണ് ഇതിലൂടെ കമ്പനി ലക്ഷ്യമിടുന്നതെന്ന് ടിവിഎസ് ശ്രീചക്ര ലിമിറ്റഡ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ടി.കെ രവി പറഞ്ഞു.

മികച്ച പ്രകടനത്തിലൂടെ വിശ്വാസ്യത വളർത്തിയെടുക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യം. ട്രെയിൽഹൗണ്ട് വൈൽഡ്, ബീ വൈൽഡ് എന്നിവയിലൂടെ തങ്ങൾ പുതിയ സെഗ്മെന്റുകളിലേക്ക് കടക്കുകയാണ്. ലോകമെമ്പാടുമുള്ള റൈഡർമാർക്കും ബിസിനസ്സ് പങ്കാളികൾക്കും മുന്നിൽ ഞങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള മികച്ച അവസരമാണ് ഇഐ സിഎംഎ ഷോയെന്നും അദ്ദേഹം വ്യക്തമാക്കി.







RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com